QIP(2)/27740/2015/DPI

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി 09/07/2015

## സർക്കുലർ

വിഷയം: പൊതു വിദ്യാഭ്യാസം– 2015– 2016 ക്ലസ്റ്റർ പരിശീലനം– നിർദ്ദേശങ്ങൾ – സംബന്ധിച്ച്

അദ്ധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി 2015, ജൂലൈ 21 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ ക്ലസ്റ്റർ പരിശീലനം നടത്തുന്നതാണ്. ഇതു സംബന്ധിച്ചു താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

- ക്ലസ്റ്റർ പരിശീലനത്തിനാവശ്യമായ മൊഡ്യൂൾ തയ്യാറാക്കി എസ്.സി.ഇ.ആർ.ടി 14/07/2015 നു മുൻപായി എല്ലാ ഡയറ്റുകൾക്കും നൽകേണ്ടതാണ്. എല്ലാ വിഷയങ്ങളുടേയും മൊഡ്യൂൾ എല്ലാ ഡയറ്റുകൾക്കും ലഭ്യമാണെന്നു എസ്.സി.ആർ.ടി ഉറപ്പാക്കുകയും മൊഡ്യൂളിന്റെ പകർപ്പ് ഡി.പി.ഐ ഓഫീസിനു കൈമാറുകയും ചെയ്യേണ്ടതാണ്.
- ഹൈസ്ക്കൂൾ തല ക്ലസ്റ്റർ പരിശീലനം നടത്തുന്നതിനാവശ്യമായ ആർ.പി മാർക്കുള്ള പരിശീലനം ഡയറ്റ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ താഴെ ചേർത്തിരിക്കുന്ന വിധത്തിൽ 15/07/15, 16/07/15, എന്നീ തീയതികളിലായി സംഘടിപ്പിക്കാനുള്ള ക്രമീകരണങ്ങൾ ഡയറ്റ് പ്രിൻസിപ്പൽമാർ നടത്തേണ്ടതാണ്. ഡയറ്റുകളിൽ ലഭ്യമായ ക്ലാസ്സ് മുറികളിലോ തൊട്ടടുത്ത സ്കൂളുകളിൽ ലഭ്യമായ ക്ലാസ്സ് മുറികളിലോ വച്ച് പരിശീലനം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. 15/07/2015, 16/07/2015 തീയതികളിൽ സംഘടിപ്പിക്കേണ്ട വിഷയങ്ങൾ –

| 15/07/2015 | 16/07/2015 |
|---|---|
| മലയാളം | സോഷ്യൽ സയൻസ് |
| ഇംഗ്ലീഷ് | മാത്തമാറ്റിക്സ് |
| ഹിന്ദി | അറബിക് |
| ഫിസിക്സ് | ഉറുദു |
| കെമിസ്ട്രി | സംസ്കൃതം |
| ബയോളജി | പ്രവൃത്തി പരിചയം |
| തമിഴ് | ആർട്ട് |
| കന്നട | ഫിസിക്കൽ എഡ്യൂക്കേഷൻ |

ക്ലസ്റ്റർ പരിശീലനത്തിന് ആവശ്യമായ തുക ഡയറ്റു ഫണ്ടിൽനിന്നും ചെലവഴിക്കേണ്ടതാണ്. തുക താഴെ പറയും പ്രകാരം ചെലവഴിക്കാവുന്നതാണ്.

ഭക്ഷണം – 125/– രൂപ ഒരാൾക്ക്
കണ്ടിജൻസി – 25/– രൂപ ഒരാൾക്ക്
യാത്രാബത്ത – കെ.എസ്.ആർ പ്രകാരം

- പ്രൈമറി തല ക്ലസ്റ്റർ പരിശീലനം 21/07/2015 മുതൽ 28/07/2015 വരെയുള്ള തീയതികളിൽതന്നെ നടത്താനാവശ്യമായ ക്രമീകരണങ്ങൾ എസ്.എസ്.എ നടത്തേണ്ടതാണ്.

- ക്ലസ്റ്റർ പരിശീലനത്തിനു  പങ്കെടുക്കേണ്ട അദ്ധ്യാപകരെ 40 പേരുള്ള ബാച്ചുകളായി തിരിച്ച് ഓരോ ബാച്ചിനും രണ്ട് ആർ.പി മാരെ വീതം കണ്ടെത്തി ഇവരുടെ പേരുവിവരങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് 13/07/2015 നു മുൻപ് കൈമാറേണ്ടതാണ്.

- 15/07/2015, 16/07/2015 എന്നീ തീയതികളിൽ ഡയറ്റുകളിൽ നടത്തുന്ന ആർ.പി.മാരുടെ പരിശീലനത്തിൽ പങ്കെടുക്കാനുള്ള നിർദ്ദേശം തിരഞ്ഞെടുക്കപ്പെട്ട എല്ലാ ആർ.പി മാർക്കും നൽകാൻ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്.

- എസ്.സി.ആർ.ടി നടത്തുന്ന ക്ലസ്റ്റർ പരിശീലന മൊഡ്യൂൾ നിർമ്മാണ ശില്പശാലയിൽ പങ്കെടുത്തിട്ടുള്ളവർക്കും 15/07/2015,16/07/2015 തീയതികളിലായി ഡയറ്റുകൾ നടത്തുന്ന ആർ.പി പരിശീലനത്തിൽ പങ്കെടുക്കാൻ നിർദ്ദേശം കൊടുക്കേണ്ടതാണ്.

- 21 മുതൽ 28 വരെ നടത്തുന്ന ക്ലസ്റ്റർ പരിശീലനം താഴെ ചേർത്തിരിക്കുന്നതു പ്രകാരം സംഘടിപ്പിക്കാൻ വിദ്യാഭ്യാസ ഉപ ഡയറക്ർമാർ ശ്രദ്ധിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 21.07.2015 | മലയാളം | അറബിക് | സംസ്കൃതം |
| 22.07.2015 | ഇംഗ്ലീഷ് | ആർട്ട് | – |
| 23.07.2015 | ഹിന്ദി | കെമിസ്ട്രി | |
| 24.07.2015 | മാത്തമാറ്റിക്സ് | ഫിസിക്സ് | ഉറുദു |
| 27.07.2015 | സോഷ്യൽ സയൻസ് | പ്രവൃത്തി പരിചയം | ഫിസിക്കൽ എഡ്യൂക്കേഷൻ |
| 28.07.2015 | കന്നട | തമിഴ് | ബയോളജി |

- മേൽ ദിവസങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന ക്ലസ്റ്റർ പരിശീലനത്തിന് ആവശ്യമായ ബാച്ചുകൾ ക്രമീകരിക്കുന്നതിനുവേണ്ട നടപടികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

- ബാച്ചുകൾ ക്രമീകരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.
    - സ്കൂളിന്റെ സാധാരണ പ്രവർത്തനങ്ങൾക്കു തടസം നേരിടാത്ത വിധത്തിലായിരിക്കണം സെന്ററുകൾ ക്രമീകരിക്കേണ്ടത്.
    - പരിശീലനം സുഗമമായ രീതിയിൽ നടത്തുന്നതിനാവശ്യമായ കമ്പ്യൂട്ടർ, എൽ.സി.ഡി പ്രൊജക്ടർ, ലൈബ്രറി, ലാബ്, യാത്രാസൗകര്യം, വൈദ്യുതി, വെള്ളം, ടോയ്‌ലറ്റ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങളുള്ള സ്കൂളാണ് തിരഞ്ഞെടുക്കേണ്ടത്.
- ഓരോ ദിവസവും ക്ലസ്റ്റർ പരിശീലനത്തിൽ പങ്കെടുക്കേണ്ട അദ്ധ്യാപകർക്കു ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നൽകേണ്ടതാണ്.

- എൽ.പി ക്ലാസ്സുകളുടെ പരിശീലനം താഴെ ചേർത്തിരിക്കുന്ന വിധത്തിൽ ക്രമീകരിക്കേണ്ടതാണ്.

| ദിവസം | തീയതി | എൽ.പി | യു.പി |
| --- | --- | --- | --- |
| 1 | 21.07.2015 | 1–ാം ക്ലാസ്സ് | മലയാളം, അറബിക് |
| 2 | 22.07.2015 | 2–ാം ക്ലാസ്സ് | ഇംഗ്ലീഷ്, ഉറുദു |
| 3 | 23.07.2015 | 3–ാം ക്ലാസ്സ് | ഹിന്ദി, സോഷ്യൽ സയൻസ് |
| 4 | 24.07.2015 | 4–ാം ക്ലാസ്സ് | അടിസ്ഥാന ശാസ്ത്രം സംസ്കൃതം |
| 5 | 27.07.2015 | അറബിക് | മാത്തമാറ്റിക്സ് |
| | | | |

- പ്രൈമറിതല പരിശീലനത്തിന് അദ്ധ്യാപകരെ പങ്കെടുപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നൽകേണ്ടതാണ്.
- ക്ലസ്റ്റർ പരിശീലനം നടത്തുന്നതിനുള്ള ഫണ്ട് പ്രൈമറി തലത്തിൽ എസ്.എസ്.എ യും ഹൈസ്ക്കൂൾ തലത്തിൽ ആർ.എം.എസ്.എ യും നൽകേണ്ടതാണ്.
- എസ്.എസ്.എ യുടേയും ആർ.എം.എസ് യുടേയും നിർദ്ദേശ പ്രകാരം മേൽ തുക ചെലവഴിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.
- സ്കൂളിന്റെ പ്രവർത്തനത്തിനു യാതൊരു തടസവും നേരിടാത്തവിധം ജില്ലയിലെ മുഴുവൻ അദ്ധ്യാപകരും ക്ലസ്റ്റർ പരിശീലനത്തിൽ പങ്കെടുത്തുവെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ഉറപ്പാക്കേണ്ടതാണ്.
- ക്ലസ്റ്റർ പരിശീലനം നടക്കുന്ന സെന്ററുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് പ്രിൻസിപ്പൽ, ഡയറ്റ് അദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ സന്ദർശിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി
**ANILA GEORGE**
**ADPI (Academic)**

പകർപ്പ്:
1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
2. ഡയറക്ടർ, ആർ.എം.എസ്.എ
3. ഡയറക്ടർ, എസ്.എസ്.എ
4. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
5. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
6. സ്റ്റോക്ക് ഫയൽ